## കേരള സർക്കാർ

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ച ശ്രീ. പി.കെ. നിർമ്മലന്റെ കുടുംബപെൻഷൻ അവകാശികൾക്ക് നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ) നം.2144/2015/തസ്വഭവ** **തീയതി, തിരുവനന്തപുരം, 15/07/2015**

---

പരാമർശം : 1) പഞ്ചായത്ത് ഡയറക്ടറുടെ 24/07/2012,19/04/2013,04/02/2015 തീയതികളിലെ എച്ച്2-17354/2012 നമ്പർ കത്തുകൾ.

2) മാരാരിക്കുളം തെക്ക് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ 12/11/2010 ൽ ആലപ്പുഴ സബ് ഡിവിഷൻ മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിച്ച 167/10 കേസ്സിന്റെ അന്തിമ റിപ്പോർട്ട്.

3) ചേർത്തല താലൂക്ക് തഹസിൽദാർ 06/01/2015 ൽ സാക്ഷ്യപ്പെടുത്തിയ അവകാശ സർട്ടിഫിക്കറ്റ്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും പ്യൂൺ തസ്തികയിൽ 30/04/2005 ൽ വിരമിച്ച ശ്രീ. പി.കെ. നിർമ്മലനെ 26/12/2006 മുതൽ കാൺമാനില്ല എന്നും ആയതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ ടിയാന്റെ അവകാശികൾക്ക് നൽകുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പി.കെ. നിർമ്മലനെ കാണാതായതുമായി ബന്ധപ്പെട്ട് മാരാരിക്കുളം തെക്ക് പോലീസ് സ്റ്റേഷനിൽ 167/10 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും പരാമർശം 2 പ്രകാരം ടിയാനെ സംബന്ധിച്ച് നാളിതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല എന്ന് മാരാരിക്കുളം തെക്ക് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. പി.കെ.

നിർമ്മലനെ കാണാതായിട്ട് 25/12/2013 ന് 7 വർഷം തികഞ്ഞതിനാൽ പരാമർശം 3 ലെ സാക്ഷ്യപത്രപ്രകാരം ചേർത്തല താലൂക്ക് തഹസിൽദാർ സാക്ഷ്യപ്പെടുത്തി നൽകിയ അവകാശ സർട്ടിഫിക്കററ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും പ്യൂൺ തസ്തികയിൽ വിരമിച്ചതിന് ശേഷം കാണാതായ ശ്രീ. പി.കെ. നിർമ്മലന്റെ ഫാമിലി പെൻഷൻ ഭാര്യയായ ശ്രീമതി. കെ.എൻ. തങ്കമ്മയ്ക്ക് മാരാരിക്കുളം തെക്ക് പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്ത 19/03/2010 തീയതി പ്രാബല്യത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 13/12/2011 ലെ സ.ഉ(പി) 594/11/ഫിൻ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. ഷാജീന്ദ്രൻപിള്ള**

**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.
സെക്രട്ടറി, മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്,ആലപ്പുഴ ജില്ല.
ശ്രീമതി.കെ.എൻ. തങ്കമ്മ, തളിയടിയിൽ, മുഹമ്മ പി.ഒ.(രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ& എ) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 22890/WW1/15/ധന തീയതി 21/05/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ